# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കൊരട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി5)-1328/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 19/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊരട്ടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി5)-1328/2021 തീയതി: 19/03/2022

# തൃശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 17-09-2021 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 17-09-2021 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി, ഓഡിറ്റ് ഓഫീസർ
ശ്രീ ശിവദാസൻ.എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സിജു.പി.ഡാംസൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ്.എം.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സിജോതോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കുമാരി ബാലൻ | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീ പി.സി.ബിജു. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി സബിയ .എ.വി. | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീപ്രദീപ് കുമാർ.പി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി അമ്പിളി.കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതിചിത്ര ഗംഗാധരന് | കൃഷി ഓഫീസർ | 01-04-2020 | 23-05-2020 |
| ശ്രീമതി ദീപ ജോണി | കൃഷി ഓഫീസർ | 24-05-2020 | 31-03-2021 |
| ശ്രീമതി നീന ജോസഫ് | ഹെഡ് മിസ്ട്രസ്, LPS കൊരട്ടി | 01-04-2020 | 31-03-2021 |
| ശ്രീമതി സിജി.കെ.പി. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ സെയിൻ.കെ.ജി. | വെറ്ററിനറി സർജൻ | 01-04-2020 | 15-09-2020 |
| ശ്രീ ജയൻ ജോസഫ് | വെറ്ററിനറി സർജൻ | 16-09-2020 | 31-03-2021 |
| ശ്രീമതി വാഹിത ബീവി | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ,കട്ടപ്പുറം സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീ അനീസ് മുഹമ്മദ് | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ,കോനൂർ സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി സൗമ്യ.പി .പോൾസൺ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ സെബിൻ.പി.എഫ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-10 |
| 11 | വാർഷികകണക്ക്- എല്ലാ പത്രികകളും ഓഡിറ്റിന് നല്കിയിട്ടില്ല | 1-11 |
| 12 | വസ്തു നികുതി ഡിമാന്റ്, ബാലൻസ് (സഞ്ചയ) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-12 |
| 13 | ലൈബ്രറി സെസ്സ്- വാർഷികകണക്കുമായി ഡിമാന്റ് രജിസ്റ്റർ പൊരുത്തപ്പെടുന്നില്ല - ഗണിത ക്രിയയിൽ വ്യത്യാസം | 1-13 |
| 14 | സഞ്ചയ പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ്, ബാലൻസ് എന്നിവ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-14 |
| 15 | വസ്തു നികുതി മുൻകൂർ - ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-15 |
| 16 | പ്രയർ പീരീഡ് ആയി അഡ്വാൻസ് ക്രമീകരിച്ചത് മതിയായ രേഖകളോടെയല്ല | 1-16 |
| 17 | പ്രയർ പിരീഡ് ഐറ്റത്തിന് സാധൂകരിക്കാവുന്ന രേഖകളില്ല | 1-17 |
| 18 | രജിസ്റ്ററുകൾ പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-18 |
| 19 | മുൻകൂർ തുകകൾ ഡിമാന്റ് രജിസ്റ്ററിൽ പ്രതിഫലിക്കുന്നില്ല | 1-19 |
| 20 | അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർക്കുന്ന ഇനങ്ങളുടെ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-20 |
| 21 | MGNREGSക്യാഷ് ബുക്കും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-21 |
| 22 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-22 |
| 23 | അക്യുമലേറ്റഡ് പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ഇല്ല | 1-23 |
| 24 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-24 |
| 25 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-25 |
| 26 | അപ്രോപ്രിയേഷൻ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-26 |
| 27 | വ്യക്തമായ രേഖകളുടെ പിൻബലത്തിലല്ലാതെ പ്രയർ പിരീഡ് ആയി ഇനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു | 1-27 |
| 28 | തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്ത ഇടപാടുകൾ | 1-28 |
| 29 | പിരിച്ചെടുത്ത തുക ബാങ്കിൽ അടവാക്കാൻ വൈകി | 1-29 |
| 30 | തൊഴിൽ നികുതി അപാകതകൾ | 1-30 |

| | | |
|---|---|---|
| 31 | കോഴി വളർത്തൽ (ജനറൽ), (എസ് സി) എന്നീ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം കുറവ് ഈടാക്കി | 1-31 |
| 32 | പശുവളർത്തൽ പദ്ധതി -ഗുണഭോക്താക്കൾ സ്റ്റാമ്പ് പേപ്പറിൽ കരാർ വച്ചിട്ടില്ല. | 1-32 |
| 33 | മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ് | 1-33 |
| 34 | ക്യാൻ തൃശൂർ പദ്ധതി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-34 |
| 35 | എസ് എസ് എ വിഹിതം -എസ് സി ഫണ്ടിൽ നിന്നും നൽകി | 1-35 |
| 36 | വീട് അറ്റകുറ്റപ്പണിയ്ക്കായി കൈപറ്റിയതുക പണി പൂർത്തീകരിക്കാതെ തിരിച്ചടച്ചത് സംബന്ധിച്ച് | 1-36 |
| 37 | ഗുണഭോക്തൃ വിഹിതം ചെലവഴിക്കുന്നതിന് പകരം പദ്ധതി വിഹിതത്തിൽ നിന്നും 44590 രൂപ കൂടുതൽ ചെലവഴിച്ചു. | 1-37 |
| 38 | ആശ്രയ - അഗതി രഹിത കേരളം പദ്ധതി - സി.ഡി.എസ് ന് മുൻകൂറായി കൈമാറുന്ന തുകകൾ ചെലവായി രേഖപ്പെടുത്തുന്നു. | 1-38 |
| 39 | കെ എസ് ഇ ബി ഡെപ്പോസിറ്റ് പ്രവൃത്തി - പണി പൂർത്തീകരിക്കുന്നതുവരെ ചെലവ് തുക 599931 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-39 |
| 40 | വാട്ടർ അതോറിറ്റി -കരാർ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഇല്ല - 11,000 രൂപ തടസ്സപ്പെടുത്തുന്നു. വാട്ടർ അതോറിറ്റി - കരാർ, വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഇല്ല - 11,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-40 |
| 41 | സാധനങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-41 |
| 42 | തെരുവുവിളക്ക് മെയിന്റൻസ് - 15 ലക്ഷം അടങ്കൽ ഉള്ള തുകക്ക് ഇ ടെണ്ടർ നടപടി സ്വീകരിച്ചില്ല. | 1-42 |
| 43 | ഇല്ലാത്ത തസ്തികയിലെ താൽക്കാലിക നിയമനം | 1-43 |
| 44 | മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി അവലോകനം | 1-44 |
| 45 | മരാമത്ത് അവലോകനം | 1-45 |
| 46 | ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. | 1-46 |
| 47 | പകൽ വീട്ടിലേയ്ക്ക് ഫർണ്ണിച്ചർ, പാത്രങ്ങൾ, വൈദ്യുതോപകരണങ്ങൾ എന്നിവ വാങ്ങിയത് സംബന്ധിച്ച്. | 1-47 |
| 48 | വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല | 1-48 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കോഴി വളർത്തൽ (ജനറൽ), (എസ് സി) എന്നീ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം കുറവ് ഈടാക്കി | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16-3-2020 | 12(1) | 318472255 | 279970420 |

റിവൈസ്ഡ് ബഡ്ജറ്റ്

| പാസാക്കിയ തിയതി | തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 9-2-2021 | 2(1) | 281549155 | 237523359 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2021 | 10-05-2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 57934898 |
| വരവ് | 114826755 |
| ആകെ | 172761653 |
| ചെലവ് | 137874900 |
| നീക്കിയിരിപ്പ് | 34886753 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|
| വികസനഫണ്ട് –ജനറൽ | 0 | 18518625 | 18269678 | 248947 |
| വികസനഫണ്ട് –എസ് സി പി | 0 | 9658000 | 9292015 | 365985 |
| വികസനഫണ്ട് –ടി എസ് പി | 0 | 116000 | NIL | 116000 |
| മെയിന്റനൻസ് –റോഡ് | 0 | 14193000 | 14193000 | NIL |
| മെയിന്റനൻസ് –നോൺറോഡ് | 0 | 4701958 | 4136083 | 565875 |
| സെൻട്രൽ ഫിനാൻസ് അൺ ടൈഡ് | 0 | 13461015 | 8567517 | 4893498 |
| സെൻട്രൽ ഫിനാൻസ് ടൈഡ് ഫണ്ട് | 0 | 6400000 | 4044854 | 2355146 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 341 | 136348645 | 245 | 87465143 | 86 | 10 | 64.1 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1425.84 | 1281550 | 1282975.84 | 1279076 | 3899.84 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18208930 | | Asset-312037 Revenue-17896893 | 0 |

(വാർഷിക കണക്കുമായി യോജിക്കുന്നില്ല. Para 1-21 കാണുക)

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 4959700 | ലഭ്യമാക്കിയിട്ടില്ല |
| വിധവാ പെൻഷൻ | 18954100 | ” |
| വാർദ്ധക്യകാലപെൻഷൻ | 41668100 | ” |
| വികലാംഗപെൻഷൻ | 4953600 | ” |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1740600 | ” |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | ” |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-09-2021 തീയതിയിൽ 2:12 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26,125/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ, പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കാനുതകുന്ന തൊഴിൽ നികുതി, വാടക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. സമയബന്ധിതമായി റീക്കൺസിലിയേഷൻ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-11 വാർഷികകണക്ക്- എല്ലാ പത്രികകളും ഓഡിറ്റിന് നല്കിയിട്ടില്ല

1. സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 14 തീ. 14/9/21. വാർഷിക കണക്കുമായി ബന്ധപ്പെട്ട എല്ലാ ഖണ്ഡികകൾക്കുമായി)

## 1-12 വസ്തു നികുതി ഡിമാന്റ്, ബാലൻസ് (സഞ്ചയ) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**2.1 തൻവർഷം**

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3992197 | 3895436 | 99534 | 11163 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ | 3992249 | 3895436 | 99599 | *11165 |

| | | | | |
|---|---|---|---|---|
| പ്രകാരം | (ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101- Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(11724/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5910832 | 5116591 | 149281 | 654194 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5907859 | 5116591 | 149216 | *654233 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104- Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(686945/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-13 ലൈബ്രറി സെസ്സ്- വാർഷികകണക്കുമായി ഡിമാന്റ് രജിസ്റ്റർ പൊരുത്തപ്പെടുന്നില്ല - ഗണിത ക്രിയയിൽ വ്യത്യാസം

**ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)**

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 203600 | 7181 | 210781 | 197469 | 6053 | 203522 | | | 561 | 748 | 1312 |
| | നോൺ-റെസിഡൻഷ്യൽ | 302344 | 190951 | 493295 | 256613 | 34532 | 291145 | | | 32751 | 155874 | 188629 |
| | ആകെ | | | 704076 | | | 494667 | | | 189941 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 678860 | | | 494704 | | | 454042 | | 189934 | | |
| | | 197231+481629 = (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15, 431910101 - State Govt. Cess/ Levies ലെഡ്ജർ | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 - State Govt. Cess/Levies ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| | 2020-21) | | | | |

## 1-14 സഞ്ചയ പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ്, ബാലൻസ് എന്നിവ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

1. റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 133510 | 119131 | 14759 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *124968 | 119131 | **14768 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (118453 + 12764 =131217/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (15507/105X100)=14768 |

2. നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3802663 | 689845 | 3113363 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3994319 | 689845 | 3113559 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(889926 + 3104393 =3994319/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(326923/105X100)=311355, ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-15 വസ്തു നികുതി മുൻകൂർ - ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ. നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 0 | 575216 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non- | 0 | 1443806 |

| | Residential Building | | |
|---|---|---|---|

## 1-16 പ്രയർ പീരീഡ് ആയി അഡ്വാൻസ് ക്രമീകരിച്ചത് മതിയായ രേഖകളോടെയല്ല

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21 ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 0 | 99599 |
| 2 | 350410101-Advance Collection Of Revenues - Property Tax On Non-Residential Building | 0 | 149216 |

## 1-17 പ്രയർ പിരീഡ് ഐറ്റത്തിന് സാധൂകരിക്കാവുന്ന രേഖകളില്ല

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21 ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 0 | 99599 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 0 | 149216 |

2.9. തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു. അതിൽ 153325 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42000470 | 31/03/21 | 99599 |

2.9.2 നോൺ-റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42000480 | 31/03/2021 | 153325 |

## 1-18 രജിസ്റ്ററുകൾ പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

2. വാടക ഡിമാന്റ് രജിസ്റ്റർ

## 1-19 മുൻകൂർ തുകകൾ ഡിമാന്റ് രജിസ്റ്ററിൽ പ്രതിഫലിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 18460 |
| 2 | ഡി &ഒ | 350410401 Rent From Building | 372000 |

## 1-20 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർക്കുന്ന ഇനങ്ങളുടെ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| വാടക കെട്ടിടം | 1127780 | 1127780 | 0 | 0 | 0 |

വാർഷിക കണക്കു പ്രകാരം ഡിമാന്റ് കളക്ഷൻ തുക 1110630/- (1062630 + 48000) രൂപയാണ്.

## 1-21 MGNREGSക്യാഷ് ബുക്കും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| (I6) ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റുമെന്റ് | MGNREGS ക്യാഷ് ബുക്ക് |
|---|---|
| 19405006 | 19491905 |

86899 രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-22 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 63527 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 58, 4 (എ))

## 1-23 അക്യുമലേറ്റഡ് പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 (A) പ്രകാരം, വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2021 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു. എന്നാൽ തൻവർഷം പ്രൊവിഷൻ ചേർത്തതായി കാണുന്നില്ല.

| ക്രമ. നം | ശീർഷകം | 2020-21 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2021 ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | Out Standing Rent Receivables Building | ഇല്ല | 196033 |
| 2 | Out Standing Rent Receivables | ഇല്ല | 23738 |

| | | | |
|---|---|---|---|
| | Lease Of Land | | |
| 3 | Out Standing Property Tax | ഇല്ല | 1487961 |

അക്യുമലേറ്റഡ് പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-24 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 23048145 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9565019 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-25 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി മുന്നിരിപ്പ്, വരവ്, ചിലവ് എന്നിവ കണക്കാക്കി വർഷാവസാന ബാക്കി എഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ 31.03.2021 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7/B-12/B-18/B-11/B-14/B-5 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാനായിട്ടില്ല.

## 1-26 അപ്രോപ്രിയേഷൻ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 ൽ പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തതും എന്നാൽ അപ്രോപ്രിയേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതുമായ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| No | Item | Amount |
|---|---|---|
| 1 | Grants From Suchitwa Mission | 3016435 |
| 2 | Total Sanitation | 779567 |
| 3 | Beneficiary Contribution | 170759 |
| 4 | Grants For Burial Ground | 496625 |
| 5 | Centraly Sponsered Scheme ICDS | 770617 |

## 1-27 വ്യക്തമായ രേഖകളുടെ പിൻബലത്തിലല്ലാതെ പ്രയർ പിരീഡ് ആയി ഇനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 84590 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 135883 |
| 280200101-Prior Period Income-Rent From Building | 4450 |
| 280800701-Prior Period Income-Misc Income | 156000 |
| 280800601- Revenue Grant And Contributions | (919641) |
| 280200102-Prior Period Income-Rent From Lease Of Land | 337572 |
| 280800301- Prior Period Operation And Maintenance | 77192 |

## 1-28 തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്ത ഇടപാടുകൾ

സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ വാർഷികകണക്കുകൾ ആ സ്ഥാപനത്തിന്റെ ആ വർഷത്തെ പ്രവർത്തനങ്ങൾ, പ്രവർത്തന ഫലം, വർഷാന്ത്യ ധനകാര്യ സ്ഥിതി എന്നിവ വെളിവാക്കുന്നു. ധനകാര്യ ഇടപാടുകൾ കൃത്യമായ ശീർഷകങ്ങളിൽ ബുക്ക് ചെയ്തെങ്കിൽ മാത്രമെ സ്ഥാപനത്തിന്റെ വാർഷികകണക്കുകൾ മേൽ പ്രകാരം സ്ഥാപനത്തിന്റെ സാമ്പത്തിക ചിത്രം കൃത്യമായി പ്രതിഫലിപ്പിക്കൂ. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011 ൽ നിലവിൽ വന്നിട്ടുള്ളതാണ്. സർക്കാർ ഉത്തരവ് 152/11

ത.സ്വ.ഭ.വ തീ 26/7/2011 പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ പിന്തുടരേണ്ട അക്കൌണ്ടിംഗ് നയങ്ങളും തത്വങ്ങളും അക്കൌണ്ടിംഗ് ശീർഷകങ്ങളും നിർവ്വചിച്ചിട്ടുണ്ട്. കൊരട്ടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകളുടെ ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ശീർഷകങ്ങൾ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തെറ്റായി ബുക്ക് ചെയ്തതിനാൽ വാർഷികകണക്കിനെ ബാധിക്കുന്നതായി കണ്ടെത്തിയ രേഖപ്പെടുത്തലുകൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രോജക്റ്റ് | വൌച്ചർ | തീയ്യതി | തുക | ശീർഷകം | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|---|
| 1 | 229-പഞ്ചായത്ത് ഓഫീസിൽ IP Phone-സൌകര്യം ഒരുക്കൽ | 22001334 | 12/4/20 | 1,00,000 | 252100701 Office Electrification - General | പഞ്ചായത്ത് വാങ്ങിയ ആസ്തി റവന്യൂ ചെലവായി ബുക്ക് ചെയ്തതിനാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. |
| 2. | 335-പഞ്ചായത്തിലെ കമ്പ്യൂട്ടറിലേക്ക് ആന്റി വൈറസ് സംവിധാനം | 22000779 | 28/10/20 | 9,800 | 410710103-Movable Assets - Office Equipments & Other Equipments | ചേർക്കേണ്ട ശീർഷകം 410710104 - Movable Assets - Furniture, Fixt/Ures, Fittings & Electrical Appliances |
| 3. | 23-അധിക ഷിഫ്റ്റ് പ്രവർത്തിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് പണം അടവാക്കൽ | 42000449 ജേണൽ വൌച്ചർ | 31/3/2021 | 297403 | 460500201 Advance To Implementing Agencies - Deposit With Kerala Water Authority | റവന്യു ചെലവ് മുൻകൂർ ആയി ബുക്ക് ചെയ്തു. |
| 4. | 333-പഞ്ചായത്ത് ഗ്രൌണ്ട് സ്റ്റേജ് ഇലക്ട്രിഫിക്കേഷൻ | 22001814 അളവ് പുസ്തകം 3/20-21 | 31/3/21 | 3752 76,500 | 251300401 Electrification-General- --- | ആസ്തിയുടെ മൂല്യം വർദ്ധിപ്പിക്കുന്ന പ്രവൃത്തി ആസ്തിയായി ഉൾപ്പെടുത്തണം. പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ ആസ്തിയായി 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തുകയോ അത്രയും തുക കരാറുകാരന് നല്കാനുണ്ട് എന്ന് ബാധ്യതയായി ചേർക്കുകയും ചെയ്തിട്ടില്ല. |
| 5. | 337-പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് -ഇലക്ട്രിഫിക്കേഷൻ | 22001077 22001193 | 31/3/20 28/1/21 | 231148 (റിക്കവറി ഉൾപ്പെടെ 235351) 27160 | 251300401 Electrification-General 230100199 Electricity Charges For Other Operations | ഒരേ പ്രോജക്റ്റ് ചെലവ് 2 ശീർഷകത്തിൽ ചേർത്തു. ആസ്തിയുടെ മൂല്യം വർദ്ധിപ്പിക്കുന്ന പ്രവൃത്തി റവന്യു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ചെലവായി ചേർത്തു. |
| 5 | 331/21-പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് | 22001752<br>22001198<br>22001197 | 25/1/21<br>28/1/21<br>28/1/21 | 93200<br>397818<br>365450 | 251202601<br>Sanitation & Waste Management - Public – General<br>251200901<br>Sanitation-General<br>“ | ഒരേ പ്രോജക്റ്റ് ചെലവ് 2 ശീർഷകത്തിൽ ചേർത്തു. ആസ്തിയുടെ മൂല്യം വർദ്ധിപ്പിക്കുന്ന പ്രവൃത്തി റവന്യു ചെലവായി ചേർത്തു. |

മേൽ നിരീക്ഷണങ്ങൾ പരിശോധിച്ച് ആസ്തി ബാധ്യതകളെ ബാധിക്കുന്ന ശീർഷകങ്ങൾ 2021-22 ൽ കണക്കിൽ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 9 തീ 10/9/21)

## 1-29 പിരിച്ചെടുത്ത തുക ബാങ്കിൽ അടവാക്കാൻ വൈകി

2020-21 സാമ്പത്തികവർഷത്തിലെ ഓഡിറ്റിന്റെ ഭാഗമായി ഡേ ബുക്ക്, ബാങ്ക് ബുക്ക്, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധിക്കുകയുണ്ടായി. ആയതിൽ നിന്നും 23.01.2021 ൽ ആകെ 16131/- രൂപ നികുതിയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക 15.03.2021 ൽ മാത്രമാണ് ബാങ്കിൽ അടവാക്കിയിരിക്കുന്നതെന്നും, ആയതിനോടൊപ്പം 27.01.2021 തീയതിയിൽ ബാങ്ക് ബുക്കിൽ ഈ തുക അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ പിരിച്ചെടുത്ത തുക അന്നേ ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിനമോ ബാങ്കിൽ അടയ്ക്കാത്തതിനും, കൈവശം വെച്ചതിനും 15.09.2021 ലെ ഓഡിറ്റ് അന്വേഷണം നം.19/2020-21 പ്രകാരം വിശദീകരണം ആരാഞ്ഞിരുന്നു.

23.01.2021 ൽ കളക്ട് ചെയ്ത 16131/-രൂപ ഡേ ബുക്ക് സഹിതം അന്നേ ദിവസം തന്നെ കാഷ്യറെ ഏൽപ്പിച്ചിരുന്നുവെന്ന് പ്രസ്തുത ദിനം ഫ്രണ്ട് ഓഫീസിൽ ഡ്യൂട്ടി ചെയ്ത സീനിയർ ക്ലർക്കും, 23.01.2021 നാലാം ശനിയായിരുന്നുവെന്നും ടി ദിനം ബാങ്ക് അവധിയായതിനാൽ കളക്ട് ചെയ്ത തുക കാഷ് ചെസ്റ്റിൽ വയ്ക്കുകയും, തൊട്ടടുത്ത പ്രവൃത്തി ദിനമായ 25.01.2021 ഫ്രണ്ട് ഓഫീസ് ജോലിയിൽ തിരക്കായതിനാലും, മേൽ തുക അടവാക്കിയെന്ന് കരുതിയതിനാലും തുക അടവാക്കാൻ വിട്ടു പോയെന്നും, ജോലിയിൽ മനഃപൂർവമല്ലാത്ത ജാഗ്രത കുറവുണ്ടായി എന്ന് കാഷ്യറും വിശദീകരണം നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ 23.01.2021 ൽ കളക്ട് ചെയ്ത തുക ബാങ്ക് അവധിയായതിനാൽ അന്നേ ദിനം ബാങ്കിൽ അടയ്ക്കാൻ കഴിഞ്ഞില്ലെന്നും അടുത്ത പ്രവൃത്തി ദിനമായ 25.01.2021 ൽ ഇൻകം ടാക്സ് റിട്ടേൺ സംബന്ധിച്ച് കാർവിയിൽ അടിയന്തിരമായി പോകേണ്ടി വന്നതിനാൽ കോൺട്രാ ചെയ്യാൻ സാധിച്ചില്ലെന്നും തൊട്ടടുത്ത പ്രവൃത്തി ദിനമായ 27.01.2021 ൽ ഓഫീസിൽ ഹാജരായപ്പോൾ പ്രസ്തുത തുക അടവാക്കി എന്ന ധാരണയിൽ കോൺട്രാ ഇട്ടതിനാൽ കാഷ് ബുക്കിൽ തെറ്റ് കണ്ടെത്താനായില്ല. കൂടാതെ അക്കൗണ്ട് ട്രെയിനിങ് ലഭിക്കാത്തതിനാൽ റീ കൺസീലിയേഷൻ നടത്തിയിരുന്നത് AITE ആയിരുന്നുവെന്നും ടി വ്യക്തി മറ്റു പഞ്ചായത്തുകളിലെ തിരക്കുകൾ കാരണം ഫെബ്രുവരി മാസം വരാതിരുന്നതിനാൽ പ്രസ്തുത മാസം റീ കൺസീലിയേഷൻ നടത്താൻ സാധിച്ചില്ലെന്നും, മാർച്ച് മാസത്തിൽ ജോലിക്ക് ഹാജരായി റീ കൺസീലിയേഷൻ നടത്തിയപ്പോൾ 23.01.2021 ലെ തുക അടവാക്കിയില്ലെന്ന് ബോധ്യപ്പെടുകയും, ഉടനെ 15.03.2021 ന് ബാങ്കിൽ അടവാക്കിയിരുന്നു.ആയതിനാൽ കണക്ക് കൃത്യമായി പരിശോധിക്കുന്നതിൽ ജാഗ്രത കുറവുണ്ടായെന്നും മനഃപൂർവമല്ലാത്ത വീഴ്ച സംഭവിച്ചതിന് മാപ്പ് നൽകണമെന്നും, ഇത്തരത്തിൽ ഒരു വീഴ്ച ഇനി ഉണ്ടാകാതെ ശ്രദ്ധിക്കാമെന്നുമാണ് അക്കൗണ്ടന്റ് മറുപടി നൽകിയിരിക്കുന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഗ്രാമപഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള വീഴ്ച സംഭവിക്കാതിരിക്കാൻ ചുവടെ പറയുന്ന വിഷയങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1. പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 5 (4) പ്രകാരം കാഷ് ബുക്ക് പരിശോധിച്ച് കാഷ് നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

2. പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 26 (2) പ്രകാരം ദിവസേനയുള്ള കളക്ഷൻ അന്നേ ദിനമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ അടവാക്കേണ്ടതാണ് എന്ന വ്യവസ്ഥ കൃത്യമായി പാലിക്കേണ്ടതാണ്.

3. പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 57 പ്രകാരം എല്ലാ മാസവും കൃത്യമായി റീ കൺസീലിയേഷൻ നടത്തേണ്ടതാണ്.

## 1-30 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

1. 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധപാദങ്ങളിലായി അടവാക്കിയതായി കണ്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധപാദം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | പദ്മിനി പോളിമേഴ്സ് | II | 2 |
| 2. | പദ്മിനി എന്റർപ്രൈസസ് | II | 4 |
| 3. | ഭാവന മൾട്ടി കളർ പ്രിന്റർ | II | 1 |
| 4. | കൊരട്ടി റെയിൽവേ സ്റ്റേഷൻ | I,II | 23 |
| 5. | COCOALABS INDIA PVT.LTD. | II | 12 |
| 6. | HYGENE CONSUMER PRODUCTS | II | 8 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.31/20-21 തീയതി:17.09.2021) പട്ടികയിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകി നടപടി സ്വീകരിക്കുമെന്നും, തൊഴിൽ നികുതി അടവാക്കുന്ന മുറയ്ക്ക് ടി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

II. 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ, സ്ഥാപന മേധാവി സമർപ്പിച്ചിരിക്കുന്ന റിട്ടേൺ എന്നിവയുടെ അടിസ്ഥാനത്തിൽ റോബർട്ട് ഡിസൈൻ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ചുവടെ പറയുന്ന ജീവനക്കാരിയിൽ കൃത്യമായ തൊഴിൽ നികുതി ഈടാക്കിയതായി കണ്ടില്ല.

| സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധ വർഷം | ജീവനക്കാരന്റെ പേര് | 6 മാസത്തെ ശമ്പളം | ഈടാക്കിയത് | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|---|---|
| റോബർട്ട് ഡിസൈൻ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് | 2020-21 | I | തെരേസ | 144000 | 1000 | 1250 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.32/20-21 തീയതി:17.09.2021 ) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരിയിൽ നിന്നും ഈടാക്കേണ്ട 250/- രൂപ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും, ടിയാരി തൊഴിൽ നികുതി അടവാക്കുന്ന മുറയ്ക്ക് ടി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

III. 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും, സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കണ്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | ബ്രൈറ്റ് പേപ്പർ പ്രോഡക്ട്സ് | 4 |
| 2. | കെ സി ഗ്രാനൈറ്റ് പാലസ് | 3 |
| 3. | വി വി എഞ്ചിനീയറിംഗ് വർക്ക്സ് & റോളിങ്ങ് ഷട്ടേഴ്സ് | 6 |
| 4. | പേർഷ്യൻ ഗോൾഡ് സൂപ്പർമാർക്കറ്റ് | 4 |
| 5. | സുൽത്താൻ ടിംബർ & സോ മിൽ | 3 |
| 6. | സൂര്യ ക്ലേ പ്രൊഡക്ട്സ് | 7 |
| 7. | കെപിഎൽ ഓയിൽ മിൽസ് | 5 |
| 8. | വെളിയത്ത് ഗോൾഡ് ആൻഡ് ഡയമൻഡ്സ് | 3 |
| 9. | ആൻസ് പേപ്പർ പ്രൊഡക്ട്സ് | 3 |
| 10. | PRIMA PACKAGINGS | 9 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.36/20-21 തീയതി:17.09.2021 ) പട്ടികയിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകി നടപടി സ്വീകരിക്കുമെന്നും, തൊഴിൽ നികുതി അടവാക്കുന്ന മുറയ്ക്ക് ടി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

## 1-31 കോഴി വളർത്തൽ (ജനറൽ), (എസ് സി) എന്നീ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം കുറവ് ഈടാക്കി

നിർവഹണോദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ കോഴി വളർത്തൽ (ജനറൽ) പദ്ധതിയിൽ ഒരു ഗുണഭോക്താവിന് പത്ത് കോഴികളും (കോഴി ഒന്നിന് 120 രൂപാ നിരക്കിൽ), കോഴി വളർത്തൽ (എസ് സി) പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ഇരുപത് കോഴികൾ വീതവുമാണ് നൽകിയിരിക്കുന്നത്. ജനറൽ വിഭാഗത്തിന് 50% സബ്സിഡിയും, എസ് സി വിഭാഗത്തിന് 75% സബ്സിഡിയുമാണ് നൽകേണ്ടത്. അത് പ്രകാരം, എസ് സി വിഭാഗത്തിൽ നിന്നും ഗുണഭോക്തൃ വിഹിതമായി, 600/- രൂപയും, ജനറൽ വിഭാഗത്തിൽ നിന്നും 600/- രൂപയും ആണ് ഈടാക്കേണ്ടിയിരുന്നത്. കോഴി വളർത്തൽ (ജനറൽ) പദ്ധതിയിൽ, 342 ഗുണഭോക്താക്കൾക്കും, കോഴി വളർത്തൽ (എസ് സി) പദ്ധതിയിൽ, 75 ഗുണഭോക്താക്കൾക്കും ആണ്

ആനുകൂല്യം നൽകിയിരിക്കുന്നത്. ഇരു വിഭാഗങ്ങളിൽ നിന്നും, 550/- രൂപാ വീതമാണ് ഗുണഭോക്തൃ വിഹിതം ഈടാക്കിയിരിക്കുന്നത്. ആയതിനാൽ കുറവ് ഈടാക്കിയ ഗുണഭോക്തൃ വിഹിതം (342 + 75 = 417 X 50 = 20850) ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ വെറ്ററിനറി സർജനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-32 പശുവളർത്തൽ പദ്ധതി -ഗുണഭോക്താക്കൾ സ്റ്റാമ്പ് പേപ്പറിൽ കരാർ വച്ചിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

വെറ്ററിനറി സർജൻ നിർവഹണോദ്യഗസ്ഥനായ പശുവളർത്തൽ (വനിത) എന്ന പദ്ധതിയിൽ, 28 ഗുണഭോക്താക്കളിൽ 6 പേർ മാത്രമാണ് സ്റ്റാമ്പ് പേപ്പറിൽ കരാർ വച്ചിട്ടുള്ളത്. ആയതിനാൽ സ്റ്റാമ്പ് പേപ്പർ വരവിനത്തിൽ സർക്കാരിന് നഷ്ടമായിട്ടുണ്ട്. പദ്ധതി നടപ്പാക്കുമ്പോൾ, പദ്ധതി മാർഗരേഖാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പദ്ധതി നിർദ്ദേശം അനുസരിച്ച്, 25000 ൽ കൂടുതൽ ആനുകൂല്യം വാങ്ങുന്ന കാര്യങ്ങളിൽ സ്റ്റാമ്പ് പേപ്പറിൽ കരാർ വയ്ക്കുന്നത് നിർബന്ധമാണ്.

## 1-33 മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ, പി എച്ച് സി നിർവഹണോദ്യഗസ്ഥനായ, താഴെ പറയുന്ന പദ്ധതികളിലായി, കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും, ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കാൻ തുക നൽകിയെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പദ്ധതി നം, പേര് | തുക കൈമാറിയ സ്ഥാപനം | കൈമാറിയ തുക | ബിൽനം, തിയതി | മരുന്നുകൾ ലഭ്യമായത് | ലഭിക്കാനുള്ളത് |
|---|---|---|---|---|---|
| 17/20-21, പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയ്ക്കായി മരുന്ന് വാങ്ങൽ | കേരളാ മെഡിക്കൽ സർവീസ് കോർപറേഷൻ | 200000/ | 20/20-21, 10-2-2021 | 140508/ | 59492 |
| 19/20-21, ഹോമിയോ മരുന്ന് വാങ്ങൽ | ഹോംകോ | 2,50,000/ | 23/20-21,11-2-2021 | - | 2,50,000 |
| 51/20-21, അലോപ്പതി മരുന്ന് വാങ്ങൽ | കേരളാ മെഡിക്കൽ സർവീസ് കോർപറേഷൻ | 3,59197/ | 437,9-3-21<br>123,19-8-2020<br>199,3-11-2020 | 175025 | 184172 |

മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ പൂർണമായി ലഭിക്കാത്ത സാഹചര്യത്തിൽ 493664/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 ക്യാൻ തൃശൂർ പദ്ധതി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ക്യാൻസർ രോഗലക്ഷണമുള്ളവരെ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തി സ്ക്രീനിംഗ് ക്യാമ്പിലെത്തിച്ച്, ക്യാൻസർ സംശയിക്കുന്ന മുഴുവൻ ആളുകളെയും വിദഗ്ദ്ധരുടെ സഹായത്തോടെ രോഗനിർണയം നടത്തി ചികിൽസ ഉറപ്പാക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ നടത്തുന്ന പദ്ധതിയാണിത്. ഈ പദ്ധതിയ്ക്കായി മെഡിക്കൽ ഓഫീസർ നിർവഹണോദ്യഗസ്ഥനായി, 136760/- രൂപ (ബിൽ നം.240/13-11-2020) പ്രകാരം തൃശൂർ ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-35 എസ് എസ് എ വിഹിതം -എസ് സി ഫണ്ടിൽ നിന്നും നൽകി

ഹെഡ് മാസ്റ്റർ നിർവഹണോദ്യഗസ്ഥനായ, പദ്ധതി നം.19/19-20, എസ് എസ് എ വിഹിതം നൽകൽ എന്നതിൽ, പ്ലാൻ ഫണ്ട് എസ് സി വിഹിതം, 387200/- രൂപാ, (ബിൽ നം.2/LSGD, SSA, Dt.26-8-2020 പ്രകാരം, എസ് എസ് എ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എസ് എസ് എ പദ്ധതിയ്ക്ക്, എസ് സി വിഹിതം കൈമാറാനുണ്ടായ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, കൊരട്ടി പഞ്ചായത്ത് പരിധിയിലുള്ള എസ് സി കുട്ടികളുടെ ആവശ്യങ്ങൾക്കായാണ് മേൽ തുക വിനിയോഗിച്ചിട്ടുള്ളത് എന്ന് നിർവഹണോദ്യഗസ്ഥനായ ഹെഡ് മാസ്റ്റർ മറുപടി നൽകിയിട്ടുള്ളത്. പട്ടികജാതി പദ്ധതി വിഹിതം പാഴാക്കാനോ, വക മാറ്റാനോ പാടില്ല. പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിയ്ക്കുന്നതിനാണ് പ്രസ്തുത തുക വിനിയോഗിക്കേണ്ടത്. ആയതിനാൽ ഈ വിഹിതം പട്ടികജാതിക്കാരായ കുട്ടികളുടെ വികസനത്തിന് ഉപയോഗിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം എസ് എസ് എയിൽ നിന്നും ഹാജരാക്കേണ്ടതാണ്.

## 1-36 വീട് അറ്റകുറ്റപ്പണിയ്ക്കായി കൈപറ്റിയതുക പണി പൂർത്തീകരിക്കാതെ തിരിച്ചടച്ചത് സംബന്ധിച്ച്

വീട് വാസയോഗ്യമാക്കൽ (പൊതുവിഭാഗം) പദ്ധതിയിൽ തുക കൈപറ്റിയതിനുശേഷം പണിനടത്താതെ തുക താഴെപറയും വിധം പലിശ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

| ഗുണഭോക്താവ് | പദ്ധതി നമ്പർ<br>ബിൽ നമ്പർ<br>തിയതി<br>ബിൽ തുക | അനുവദിച്ച<br>തുക | തിരിച്ചടച്ച തുക<br>പലിശ<br>രസീതിനമ്പർ<br>തിയതി |
|---|---|---|---|
| സുനീർ. പി. എ,<br>പാളയംകോട് വീട്<br>ഖന്നനഗർ | 13/2021<br>10/2020-21<br>11.01.2021<br>325000 | 25000 | 25000<br>1625<br>19/3173<br>03.08.21 |
| ഹനീഫ<br>പേടിക്കാട് വീട്<br>ഖന്നനഗർ | 13/2021<br>10/2020-21<br>11.01.2021<br>325000 | 25000 | 25000<br>1625<br>20/3173<br>03.08.21 |

തുക തിരിച്ചടക്കുവാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽപ്രകാരം ഗുണഭോക്താവ് തിരിച്ചടച്ച തുക സഞ്ചിത നിധിയിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. അടവാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കേണ്ടതും തുക അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിന് നൽകേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 12/14.09.2021)

## 1-37 ഗുണഭോക്തൃ വിഹിതം ചെലവഴിക്കുന്നതിന് പകരം പദ്ധതി വിഹിതത്തിൽ നിന്നും 44590 രൂപ കൂടുതൽ ചെലവഴിച്ചു.

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 195/21 പട്ടികജാതി വിഭാഗക്കാർക്ക് വാട്ടർ ടാങ്ക് | 22001352 | 12/4/20 | 178425<br>(സെൽസെർ പോളിമേഴ്സ് മുണ്ടൂർ എന്ന സ്ഥാപനത്തിന് 2745 രൂപ നിരക്കിൽ 65 വാട്ടർ ടാങ്കിന്റെ വില നല്കിയത്.) |

മേൽ പ്രോജക്റ്റ് പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് 75% സബ്സിഡി നിരക്കിൽ വാട്ടർടാങ്ക് വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും കുറവ് നിരക്ക് ക്വാട്ട് ചെയ്ത സെൽസെർ പോളിമേഴ്സ് മുണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്ന് 2745 രൂപ നിരക്കിൽ 65 വാട്ടർ ടാങ്കുകൾ വാങ്ങി 25% ഗുണഭോക്തൃ വിഹിതമായ 686 രൂപ അടച്ച 65 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു. പദ്ധതി വിഹിതത്തിൽ നിന്നുമാണ് മുഴുവൻ തുകയും കരാറുകാരന് നല്കിയത്. 65 ഗുണഭോക്താക്കളിൽ നിന്ന് 686 രൂപ നിരക്കിൽ ഗുണഭോക്തൃവിഹിതം 44590 രൂപ ലഭിച്ചത് തനത് ഫണ്ടിൽ നിന്നും ബാക്കി 133835 രൂപ പദ്ധതി വിഹിതത്തിൽ നിന്നും കരാറുകാരന് നല്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നും അടച്ചതിനാൽ സഞ്ചിത നിധിയിൽ നിന്നും 44590 രൂപ കൂടുതൽ പിൻവലിച്ചു. ഈ തുക തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് സഞ്ചിതനിധിയിലേക്ക് തിരികെ അടവാക്കേണ്ടതാണ്. (ഈ തുക വിനിയോഗിച്ചോ എന്നറിയാൻ ഗുണഭോക്തൃ വിഹിതം വിനിയോഗിച്ചത് "320800101 Beneficiary Contributions" എന്ന ബാധ്യത ശീർഷകത്തിൽ നിന്ന് "160300206-Beneficiary Contributions" ലേക്ക് മാറ്റിയ എൻട്രികൾ പരിശോധിച്ചപ്പോൾ ആയതിന് രേഖകൾ സൂക്ഷിച്ചിട്ടില്ല, ഏതെല്ലാം തുകകളാണ് മാറ്റിയതെന്ന് എൻട്രികളുടെ നരേഷനിലും രേഖപ്പെടുത്തൽ ഇല്ല.) (ഓഡിറ്റ് എൻക്വയറി 18 തീ 15/9/21)
തുക പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി തിരിച്ചടക്കാമെന്ന് അസിസ്റ്റന്റ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-38 ആശ്രയ - അഗതി രഹിത കേരളം പദ്ധതി - സി.ഡി.എസ് ന് മുൻകൂറായി കൈമാറുന്ന തുകകൾ ചെലവായി രേഖപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ആശ്രയ – അഗതി രഹിത കേരളം പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | വൌച്ചർ നമ്പർ | തീയ്യതി | തുക | ശീർഷകം |
|---|---|---|---|---|
| 2/21 ആശ്രയ അഗതി രഹിത കേരളം (മൂന്നാം ഘട്ടം – പട്ടികജാതി വിഭാഗം) | 22001666 | 13/10/20 | 50000 | 251300102-Housing(SCP) |

| പ്രോജക്റ്റ് | വൌച്ചർ നമ്പർ | തീയ്യതി | തുക | ശീർഷകം |
|---|---|---|---|---|
| 6/21 ആശ്രയ അഗതി രഹിത കേരളം പദ്ധതി (ജനറൽ) | 22001667 | 13/10/20 | 100000 | 251200701-Other Programmes In Health Sector-General |

1. ഈ തുകകൾ സിഡിഎസ് ന് മുൻകൂറായി നല്കിയ തുകയാണ്. ഈ തുക വാർഷികകണക്കിൽ ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സിഡിഎസ് ഈ തുകകൾ എല്ലാം തന്നെ ബാങ്കിൽ സൂക്ഷിക്കുകയും തുടർവർഷങ്ങളിൽ മറ്റ് ഫണ്ടുകളോടൊപ്പം ചെലവഴിക്കുകയുമാണ് ചെയ്തത്. ആയതിനാൽ മുൻകൂറായി നല്കുന്ന തുക പഞ്ചായത്തിന്റെ കണക്കുകളിൽ മുൻകൂർ ശീർഷകങ്ങളിൽ ബുക്ക് ചെയ്യേണ്ടതും നിർവ്വഹണോദ്യഗസ്ഥൻ ചെലവ് നിരീക്ഷിക്കേണ്ടതും ചെലവഴിച്ചതിന് ഇനം തിരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറക്ക് മാത്രം പഞ്ചായത്തിന്റെ ചെലവായി രേഖപ്പെടുത്തേണ്ടതുമാണ്.

2. സിഡിഎസ് ഈ വിഹിതവും തനത് വിഹിതവും ഒരു ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുകയും അതിൽ നിന്ന് ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ആയതിനാൽ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുന്ന തുക നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. പദ്ധതി വിഹിതമായി ലഭിക്കുന്ന തുക ചെലവഴിക്കുന്നത് നിരീക്ഷിക്കുന്നതിന് സിഡിഎസ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പ്രകാരം വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിന് നല്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 18 തീ 15/9/21)

മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.

## 1-39 കെ എസ് ഇ ബി ഡെപ്പോസിറ്റ് പ്രവൃത്തി - പണി പൂർത്തീകരിക്കുന്നതുവരെ ചെലവ് തുക 599931 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| പ്രോജക്റ്റ് | വൌച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 185/21- എല്ലാ വാർഡുകളിലേക്കും സ്ട്രീറ്റ് ലൈൻ എക്സ്ടെൻഷൻ | 22001598 | 21/5/20 | 299931 |
| | 22001412 | 18/5/20 | 300000 |
| ആകെ | | | 599931 |

നിർവ്വഹണം - സെക്രട്ടറി

1. സർക്കാർ ഉത്തരവ് (കൈ)11/2018 ത.സ്വ.ഭ.വ തീ 29/1/2018 ഖണ്ഡിക 11.2 ഡി (Ii) വിലെ നിർദ്ദേശപ്രകാരം നിർമാണ പ്രവൃത്തികൾക്ക് കെ എസ് ഇ ബി ക്ക് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടുകൊണ്ട് മുൻകൂർ തുക നല്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി കരാർ ഇല്ലാതെയും സാങ്കേതികാനുമതി ലഭ്യമാകാതെയും കെ എസ് ഇ ബിക്ക് പണം കൈമാറിയിട്ടുണ്ട്. (എസ്റ്റിമേറ്റ് തുക 799931, നല്കിയത് 599931)

2. കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2267,2100 കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്. എന്നാൽ ആയത് ലഭ്യമായിട്ടില്ല. മേൽ കാരണങ്ങളാൽ പണി പൂർത്തീകരിക്കുന്നതുവരെ ചെലവ് തുക 599931 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 9 തീ 10/9/2021)

## 1-40 വാട്ടർ അതോറിറ്റി -കരാർ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഇല്ല - 11,000 രൂപ തടസ്സപ്പെടുത്തുന്നു. വാട്ടർ അതോറിറ്റി - കരാർ, വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഇല്ല - 11,000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം : സെക്രട്ടറി

| പ്രോജക്റ്റ് | വൌച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 332/21- ദൃശ്യ തൊഴിൽ പരിശീലന കേന്ദ്രം – വാട്ടർ കണക്ഷൻ | 22001649 | 8/9/20 | 11,000 |

1. സർക്കാർ ഉത്തരവ് (കൈ)11/2018 ത.സ്വ.ഭ.വ തീ 29/1/2018 ഖണ്ഡിക 11.2 ഡി (Ii) വിലെ നിർദ്ദേശപ്രകാരം നിർമാണ പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റിക്ക് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടുകൊണ്ട് മുൻകൂർ തുക നല്കാവുന്നതാണ്. എന്നാൽ സാങ്കേതികാനുമതി ഇല്ലാതെയും കരാർ ഇല്ലാതെയും തുക നല്കിയിട്ടുണ്ട്.

2. കേരള പൊതുമരാമത്ത് മാനുവൽ ഖണ്ഡിക 2267,2100 കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്. എന്നാൽ മുകളിൽ ചേർത്തിരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. കരാർ ഇല്ലാതെ തുക നല്കിയതിനാൽ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവ് തുക 11,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 9 തീ 10/9/21)

## 1-41 സാധനങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്റ്റ് | വൌച്ചർ നമ്പർ | തീയ്യതി | തുക | |
|---|---|---|---|---|
| 26/21-തെരുവുവിളക്കുകൾ-ട്യൂബ് ലൈറ്റ് വാങ്ങൽ | 22001076 | 31/12/20 | 1039525 | യുണൈറ്റഡ് ഇലക്ട്രിക്കൽ ലിമിറ്റഡ് ന്റെ ബിൽ 412, 414, 413, 384 എന്നിവ പ്രകാരം ആകെ 1057448 രൂപയുടെ സാധനങ്ങൾ വിതരണം ചെയ്തു. |

| പ്രോജക്റ്റ് | വൌച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 21/21- സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ | 22000820<br>22001572<br>(42000364 | 27/10/20<br>29/3/21<br>29/3/21) | 180589<br>81035 (79414+IT 1621) |

മേൽ സാധനങ്ങൾ വാങ്ങിയത് കൃത്യമായി രേഖപ്പെടുത്തി ആയതിൽ കൃത്യമായി ഓരോ ഇനങ്ങളും ഇഷ്യു ചെയ്യുന്നത് രേഖപ്പെടുത്തുകയോ, കൈപ്പറ്റിയ ആളുടെ കൈയ്യൊപ്പ് വാങ്ങുകയോ, നീക്കിബാക്കി രേഖപ്പെടുത്തുകയോ വർഷാന്ത്യത്തിൽ മൂല്യം കണക്കാക്കുകയോ ഭൌതികപരിശോധന നടത്തുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ആധികാരികമാക്കാതെ ബാലൻസ്ഷീറ്റ് പ്രകാരം 63527 രൂപ ക്ലോസിംഗ് സ്റ്റോക്ക് മൂല്യത്തിലേക്ക് എപ്രകാരം എത്തിയെന്ന് വ്യക്തമല്ല. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും സെക്രട്ടറി സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി, വർഷാന്ത്യം മൂല്യം കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതും ഭൌതികപരിശോധന, വർഷാന്ത്യ ക്ലോസിംഗ് ബാലൻസ് എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും (കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147, 149(1), 152, 153, കാണുക) സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 9 തീ 10/9/21)

## 1-42 തെരുവുവിളക്ക് മെയിന്റൻസ് - 15 ലക്ഷം അടങ്കൽ ഉളള തുകക്ക് ഇ ടെണ്ടർ നടപടി സ്വീകരിച്ചില്ല.

നിർവ്വഹണം - സെക്രട്ടറി

തെരുവുവിളക്ക് മെയിന്റനൻസിന് 2019-20 വർഷത്തെ അടങ്കൽ തുക ചെലവ് തുക എന്നിവ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|
| 12/20- തെരുവുവിളക്ക് മെയിന്റനൻസ് (New) | 845000 | 495000 |
| 197/20- തെരുവുവിളക്ക് മെയിന്റനൻസ് (So) | 495000 | 495000 |

തെരുവുവിളക്ക് മെയിന്റനൻസിന് 2020-21 വർഷത്തെ അടങ്കൽ തുക ചെലവ് തുക എന്നിവ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|
| 22/21- തെരുവുവിളക്ക് മെയിന്റനൻസ് (New) | 1500000 | 1256165 |
| 198/21- തെരുവുവിളക്ക് മെയിന്റനൻസ് (So) | 350000 | 350000 |

1. പ്രോജക്റ്റുകളുടെ അടങ്കൽ, ചെലവ്, തുടർവർഷത്തെ സ്പിൽ ഓവർ പ്രോജക്റ്റ് എന്നിവ പരിശോധിക്കുന്നതിൽ നിന്ന് തെരുവുവിളക്ക് മെയിന്റനൻസിന് അടങ്കലും ചെലവും 5 ലക്ഷം രൂപ അധികരിക്കുന്നുണ്ട് എന്ന് കാണാം. 5 ലക്ഷം രൂപ അധികരിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഇ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. (സ.ഉ (എം.എസ്) 13/2-15/ITD/12/5/2015). മുൻവർഷങ്ങളിലെ കണക്കുകൾ പരിശോധിച്ച് ഓരോ ടെണ്ടർ പ്രകാരവും വരാവുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കണക്കാക്കി അതിനനുസരിച്ച് ഇ ടെണ്ടർ ചെയ്യാതെ ഒരു സാമ്പത്തിക വർഷത്തേക്ക് ചെലവ് ചെയ്യാൻ ലഭ്യമായ തുകയുടെ അടിസ്ഥാനത്തിൽ ചെറിയ പ്രോജക്റ്റുകളാക്കി ചുരുക്കി മാനവൽ ടെണ്ടർ നടത്തുകയാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാണ്.

2. 2020-21 സാമ്പത്തിക വർഷം അടങ്കൽ തന്നെ 15 ലക്ഷമുള്ള പ്രോജക്റ്റിന് പോലും ഇ ടെണ്ടർ നടപടി സ്വീകരിച്ചില്ല. ഈ രണ്ട് വർഷവും ഡെൽറ്റ എഞ്ചിനീയറിംഗ് വർക്സ് എന്ന സ്ഥാപനത്തിനാണ് സാധാരണ ടെണ്ടർ മുഖേന സേവന കരാർ നല്കിയിട്ടുള്ളത്. ഏറ്റവും മത്സരക്ഷമമായ രീതിയിൽ കുറഞ്ഞനിരക്കിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

## 1-43 ഇല്ലാത്ത തസ്തികയിലെ താൽക്കാലിക നിയമനം

സംസ്ഥാന സർക്കാരിന്റെ 05/10/2019 ലെ 81/2019/ധന ഉത്തരവ് അതിനു മുൻപേയുള്ള സമാന ഉത്തരവുകൾ എന്നിവ അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുവാദം കൂടാതെ ഇല്ലാത്ത തസ്തികകളിൽ താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യാൻ പാടുള്ളതല്ല. എന്നാൽ കൊരട്ടി ഗ്രാമ പഞ്ചായത്തിൽ മേൽ വ്യവസ്ഥക്ക് വിരുദ്ധമായി ഓഡിറ്റ് കാലയളവിലൊട്ടാകെ ഡാറ്റ എൻട്രി തസ്തികയിൽ സ്മിത ഡിനോജ് പി.ഡി എന്നയാൾ ജോലി ചെയ്തുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ നിയമപരമായ പിൻബലമെന്ത് എന്ന ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്തിന് യാതൊരു രേഖയും ഹാജരാക്കാനായിട്ടില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ. 27/16.09.2021) ഇക്കാരണത്താൽ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളണമെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

## 1-44 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി അവലോകനം

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ 2019-20, 2020-21 എന്നീ കാലയളവുകളിലെ ടെൻഡർ ഫയൽ, ടെൻഡർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കും പ്രകാരം അപാകതകൾ കാണന്നുണ്ട്. അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1. ടെൻഡർ രജിസ്റ്റർ പൂർണമല്ല.

ഇ.എം.ഡി വിവരങ്ങൾ, ടെൻഡർ അംഗീകരിച്ച / നിരസിച്ച കമ്മിറ്റി തീരുമാനം എന്നിവ രജിസ്റ്ററിൽ ചേർക്കുന്നില്ല.

2. ടെൻഡർ ഫയൽ പൂർണമല്ല.

ടെൻഡർ ഫയലിൽ ടെൻഡർ നോട്ടീസ് ചേർക്കുന്നില്ല. വിളിച്ച മുഴുവൻ ടെൻഡറുകളുടേയും വിവരങ്ങൾ ഫയലിൽ നിന്ന് ലഭ്യമല്ല. ഓരോ ടെൻഡറിനും ആരൊക്കെ ടെൻഡർ സമർപ്പിച്ചു, അംഗീകരിക്കാവുന്ന ടെൻഡർ വിവരങ്ങൾ, ടെൻഡർ നിരാകരിച്ച വിവരം, റീടെൻഡർ വിളിച്ചിട്ടുണ്ട് എങ്കിൽ ആ വിവരം പിന്നീട് ടെൻഡർ ഉറപ്പിച്ചു നൽകിയിട്ടുണ്ട് എങ്കിൽ ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം ഇത്രയും അടിസ്ഥാനവിവരങ്ങൾ ഇല്ലാതെയാണ് ടെൻഡർ ഫയൽ സൂക്ഷിച്ചിട്ടുള്ളത്.

3. 2019-20 വർഷം ടെൻഡർ രജിസ്റ്റർ പ്രകാരം 9 ടെൻഡർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. 20-21 വർഷം 2 ടെൻഡറാണ് അംഗീകരിച്ചതായി കാണുന്നത്. ഇപ്രകാരം ടെൻഡറുകളിൽ നിന്ന് സമാഹരിച്ച ആകെ മെറ്റീരിയൽ മൂല്യം 10 ലക്ഷത്തിലേറെയാണ്. ഈ ടെൻഡറുകളിലെല്ലാം സമാന ഇനങ്ങളാണ് സപ്ലൈ ചെയ്തിട്ടുള്ളത്. സ.ഉ.എം.എസ് നമ്പർ.13/2015/ITD തിയ്യതി 12/05/2015 പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും ഇ-ടെൻഡർ ബാധകമായിരിക്കെ തൊഴിലുറപ്പ് പദ്ധതിക്കായുള്ള വസ്തു സമാഹരണത്തിൽ ഇ ടെൻഡർ നടപ്പിലാക്കാതിരുന്നത് മേൽ ഉത്തരവിന്റെ ലംഘനമായി ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-45 മരാമത്ത് അവലോകനം

ആകെ 169 എണ്ണം പ്രവർത്തികൾ നടപ്പാക്കിയതിൽ 30 എണ്ണം പ്രവർത്തികളുടെയും നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിച്ചു വരുന്ന രജിസ്റ്ററുകളുടേയും പരിശോധനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പൊതു അപാകതകൾ തുടർച്ചയായി ചേർത്തിരിക്കുന്നു.

1. പൊതു അപാകതകൾ

എ. സെക്യൂരിറ്റി രജിസ്റ്ററിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ കൊടുത്തതിനു ശേഷം നിർവ്വഹണോദ്യോഗസ്ഥൻ തത് വിവരം രേഖപ്പെടുത്തി എൻട്രി ക്ലോസ്സ് ചെയ്തു വരുന്നില്ല. ആയത് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഡെപ്പോസിറ്റ് തിരികെ കൊടുക്കുമ്പോൾ കൈപ്പറ്റ് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

2. ഇ.എം.ഡി രജിസ്റ്ററിൽ ഇ.എം.ഡി തുകയായി രേഖപ്പെടുത്തുന്നില്ല. സർട്ടിഫിക്കറ്റ് വിവരങ്ങളോ, രസീതി വിവരങ്ങളോ മാത്രമാണ് ചേർത്തു വരുന്നത്. ഇത് പരിഹരിക്കേണ്ടതാണ്.

3. വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകാതെ ഫൈൻ ഈടാക്കാത്ത പ്രവർത്തികളിൽ ഫൈൻ ഈടാക്കി തീർപ്പാക്കി.

താഴെ ചേർക്കുന്ന പ്രവർത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6, 7) എന്നിവ ലംഘിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് നിർവ്വഹണോദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു. (ഓഡിറ്റ് അന്വേഷണം. നമ്പർ. 23 തിയ്യതി. 15/09/21). തുടർന്ന് എഗ്രീഡ് പി.എ.സിയുടെ ഒരു ശതമാനം പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ വിവരത്തിന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇതിൻമേൽ ഇനി തുടർനടപടികൾ വേണ്ടതില്ല എങ്കിലും വിവരം ഓഡിറ്റ് ഇംപാക്ട് ആയി റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവർത്തിയുടെ പേര് | ഈടാക്കിയ പിഴ |
|---|---|---|---|
| 1 | 236/21 | ടെലിഫോൺ എക്സ്ചേഞ്ച് റോഡ് പുനരുദ്ധാരണം | 5500 |
| 2 | 235/21 | നാലുകെട്ട് ശാന്തി നഗർ റോഡ് പുനരുദ്ധാരണം | 5700 |

| | | | |
|---|---|---|---|
| 3 | 191/21 | പകൽ വീട് നിർമ്മാണം | 14800 |
| 4 | ആകെ | | 26000 |

## 1-46 ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

2017 ലെ ജി.എസ്.ടി കേന്ദ്രനിയമം ഖണ്ഡിക 31 (2) പ്രകാരം എല്ലാ സേവനപ്രവർത്തികൾക്കും നിയമാനുസൃത ജി.എസ്.ടി അടവുവരുത്തിയാൽ ടാക്സ് ഇൻവോയ്സ് ലഭ്യമാകുന്നതാണ്. കരാറുകാരിൽ നിന്ന് ഉറവിടത്തിൽ നിന്ന് ജി.എസ്.ടി കുറവു വരുത്തുന്ന പ്രവർത്തികളിൽ അതുകൊണ്ടു തന്നെ കരാറുകാരൻ ജി.എസ്.ടി അടക്കുന്നതിന് ബാധ്യസ്ഥനെന്ന് ഉറപ്പുവരുത്താനാകും. എന്നാൽ ഉറവിടത്തിൽ കുറവു ചെയ്യേണ്ടാത്തതും എന്നാൽ 12% ജി.എസ്.ടി കൂട്ടി നൽകിയതുമായ താഴെ ചേർക്കുന്ന പ്രവർത്തികളിൽ സ്ഥാപനം അനുവദിച്ച ജി.എസ്.ടി കൃത്യമായി അടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് മേൽസൂചിപ്പിച്ച ഇൻവോയ്സ് ഹാജരാക്കിയേ മതിയാകൂ. എന്നാൽ താഴെ ചേർക്കുന്ന പ്രവർത്തികളിൽ ഇൻവോയ്സ് കരാറുകാർ ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ. 5/ 10-09-2021)

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ആകെ പ്രവർത്തി മൂല്യം | അനുവദിച്ച അധിക ടാക്സ് | ആകെ ചിലവായ തുക | കരാറുകാരന്റെ പേര് | ട്രഷറി ബിൽ ബുക്ക് നമ്പർ/ തിയ്യതി |
|---|---|---|---|---|---|---|
| 259/21 | വാർഡ് 2 ലെ ഖന്നാ നഗർ റോഡ് കാന നിർമ്മാണം | 86796 | 10416 | 97212 | ലിയോൺ. എം. വി | 11/27-03-21 |
| 170/21 | ഖന്നാ നഗർ എസ്.സി.കോളനി റോഡ്. ഐറിഷ് ഡ്രയിൻ നിർമ്മാണം വാർഡ്-2 | 88907.68 | 10668.92 | 99576.6 | ലിയോൺ. എം. വി | 37/09-07-20 |

ജി.എസ്.ടി ഇൻവോയ്സിന്റെ അഭാവത്തിൽ ചെലവഴിച്ച തുക 196788.60 രൂപ, അതായത് 196789/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-47 പകൽ വീട്ടിലേയ്ക്ക് ഫർണ്ണിച്ചർ, പാത്രങ്ങൾ, വൈദ്യുതോപകരണങ്ങൾ എന്നിവ വാങ്ങിയത് സംബന്ധിച്ച്.

കൊരട്ടി ഗ്രാമപഞ്ചായത്ത് 13-ാം വാർഡിലെ ശ്രദ്ധ പകൽ വീട്, 15-ാം വാർഡിലെ പകൽ വീട് എന്നിവയിലെ ഉപയോഗത്തിനായി താഴെപറയും വിധം ഫർണ്ണിച്ചർ, പാത്രങ്ങൾ, വൈദ്യുതോപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 265/21 |
| ചെക്ക് നമ്പർ, തിയതി | 2381567/01.01.2021 |
| ചെക്ക് തുക | 337636 |
| ഫണ്ട് | ജില്ലാപഞ്ചായത്ത് വിഹിതം |
| വിതരണം ചെയ്ത സ്ഥാപനം | വിതരണം ചെയ്ത ഇനം, നൽകിയ തുക |
| ജെ.ബി.ഇലക്ട്രോണിക്സ്, വൈറ്റില | ഇൻവർട്ടർ - 2 എണ്ണം – 43980 രൂപ |
| ഇമ്പാക്റ്റ് എന്റർപ്രൈസസ്, മലപ്പുറം | ആംഡ് ചെയർ - സ്റ്റീൽ റാക്ക്- (45600 രൂപ) |
| സിത്താര ഷോപ്പിംഗ് സെന്റർ, തലയോലപ്പറമ്പ് | എസി (2 എണ്ണം) – 112980 രൂപ<br>സ്റ്റൗ, കുക്കർ, മറ്റു പാത്രങ്ങൾ - 26596 രൂപ<br>LED TV-FIESTA 50 SMART UHD- 1 എണ്ണം - 46350 രൂപ<br>കട്ടിൽ – 2, ടേബിൾ - 2, വാട്ടർ പ്യൂരിഫയർ – 2 - 54140 രൂപ<br>അലമാര – 2 എണ്ണം, 7990 രൂപ |

മേൽപറഞ്ഞവയിൽ 13 -ാം വാർഡിലെ പകൽവീടിലേയ്ക്കായി വാങ്ങിയ LED TV, എയർ കണ്ടീഷണർ, ഇൻവെർട്ടർ, വാട്ടർ പ്യൂരിഫയർ എന്നിവ വയറിംഗ് പൂർത്തീകരിക്കാത്തതിനാലും വൈദ്യുതി കണക്ഷൻ ലഭിയ്ക്കാത്തതിനാലും ഫിറ്റ് ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. 2021-22 ൽ പകൽ വീട് വൈദ്യുദീകരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറി നം. 17/15.09.2021 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വൈദ്യുതീകരണം പൂർത്തിയാക്കാതെ മേൽപ്പറഞ്ഞ ഉപകരണങ്ങൾ വാങ്ങിയത് പദ്ധതി നടത്തിപ്പിലെ വീഴ്ചയായി കാണുന്നു. വൈദ്യുതീകരണം പൂർത്തിയാക്കി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്. പകൽ വീടുകളിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-48 വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നമ്പർ : 14/2021
ഫണ്ട് : വികസനഫണ്ട് എസ്.സി.പി.
ഈ പദ്ധതിയിൽ ആദ്യ ഗഡു കൈപറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ, തിയതി, ബിൽ തുക | കൈമാറിയ തുക |
|---|---|---|
| ഹരിദാസൻ.ടി.എൻ, തൂക്കാവ് പറമ്പിൽ, കൊരട്ടി. | 06/2020-21 Dt13.11.2020, 315000 | 35000 |
| സുനിൽ.എം.ആർ, മാനമ്പിള്ളി വീട്, ഖന്നനഗർ. | 12/2020-21 Dt 11.01.2021, 220000 | 35000 |

ആദ്യ ഗഡു കൈപറ്റിയിട്ടും വീട് അറ്റകുറ്റപ്പണി പൂർത്തീകരിക്കാത്ത മേൽപറഞ്ഞ ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം തുക തിരികെ പിടിച്ച് സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 12/14.09.2021)

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കോഴി വളർത്തൽ (ജനറൽ), (എസ് സി) എന്നീ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം കുറവ് ഈടാക്കി

നിർവഹണോദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ കോഴി വളർത്തൽ (ജനറൽ) പദ്ധതിയിൽ ഒരു ഗുണഭോക്താവിന് പത്ത് കോഴികളും (കോഴി ഒന്നിന് 120 രൂപാ നിരക്കിൽ), കോഴി വളർത്തൽ (എസ് സി) പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ഇരുപത് കോഴികൾ വീതവുമാണ് നൽകിയിരിക്കുന്നത്. ജനറൽ വിഭാഗത്തിന് 50% സബ്സിഡിയും, എസ് സി വിഭാഗത്തിന് 75% സബ്സിഡിയുമാണ് നൽകേണ്ടത്. അത് പ്രകാരം, എസ് സി വിഭാഗത്തിൽ നിന്നും ഗുണഭോക്തൃ വിഹിതമായി, 600/- രൂപയും, ജനറൽ വിഭാഗത്തിൽ നിന്നും 600/- രൂപയും ആണ് ഈടാക്കേണ്ടിയിരുന്നത്. കോഴി വളർത്തൽ (ജനറൽ) പദ്ധതിയിൽ, 342 ഗുണഭോക്താക്കൾക്കും, കോഴി വളർത്തൽ (എസ് സി) പദ്ധതിയിൽ, 75 ഗുണഭോക്താക്കൾക്കും ആണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഇരു വിഭാഗങ്ങളിൽ നിന്നും, 550/- രൂപാ വീതമാണ് ഗുണഭോക്തൃ വിഹിതം ഈടാക്കിയിരിക്കുന്നത്. ആയതിനാൽ കുറവ് ഈടാക്കിയ ഗുണഭോക്തൃ വിഹിതം (342 + 75 = 417 X 50 = 20850) ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ വെറ്ററിനറി സർജനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | മുൻവർഷ ബാക്കി ഉൾപ്പെടെ. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ 2645028 രൂപ നീക്കിയിരുപ്പ് ഉണ്ട്. എന്നാൽ ഇത്രയും തുകയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് ഹാജരാക്കാനായിട്ടില്ല. ലഭ്യമായ വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു. | 200000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 200000 | 0 |
| | | 469900 | ലൈഫ് മിഷൻ (എസ് സി) | 469900 | 0 |
| | | 300000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 165000 | അങ്കണവാടി പോഷകാഹാര വിതരണം | 165000 | 0 |
| | | 538182 | ജെ ടി എസ് കോളനി പോളിടെക്നിക് റോഡ് മെയിന്റനൻസ് | 538182 | 0 |
| | | 480152 | പൊങ്ങം ബെത്‌ലഹേം റോഡ് റീ ടാറിംഗ് | 480152 | 0 |
| | | 100000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 100000 | 0 |
| | | 12937 | വിശപ്പ് രഹിത കേരളം | 12937 | 0 |
| | | 179656 | ലൈഫ് മിഷൻ (ജനറൽ) | 179656 | 0 |
| | | 176910 | ലൈഫ് മിഷൻ (എസ് സി) | 176910 | 0 |
| | | 300000 | ലൈഫ് മിഷൻ (എസ് സി) | 300000 | 0 |
| | | 200000 | പാണ്ടൻകുളം ഐനിച്ചിറ റോഡ് നിർമാണം | 200000 | 0 |
| | | 1306800 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണി റ്റിലേക്ക് മെഷിനറി വാങ്ങൽ | 763268 | 543532 |
| ജില്ലാ പഞ്ചായത്ത് | | 43845 | നെൽകൃഷിക്ക് കൂലിച്ചെലവ് | 43845 | 0 |

| | | | | | |
|---|---|---|---|---|---|
| | | 362300 | ലൈഫ് മിഷൻ (എസ് സി) | 362300 | 0 |
| | | 200000 | പെയിൻ ആന്റ് പാലിയേറ്റീവ് | 200000 | 0 |
| | | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 350000 | 0 |
| | | 200000 | ക്ഷീരസംഘങ്ങ260213ൾ മുഖേന വിതരണം ചെയ്യുന്ന പാലിന്സബ്സിഡി | 200000 | 0 |
| | | 299931 | എല്ലാ വാർഡിലും സ്ട്രീറ്റ് ലൈൻ വലിക്കൽ | 299931 | 0 |
| | | 759425 | പകൽവീട് നിർമാണം | 499212 | 260213 |
| | | 100000 | പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് | 100000 | 0 |
| | | 376342 | മല്ലൻചിറകുളം ബ്യൂട്ടിഫിക്കേഷൻ | 376342 | 0 |
| | | 290236 | സുഗതി പ്രിയദർശിനി അംഗൻവാടി മെയിന്റനൻസ് | 290236 | 0 |
| | | 1137069 | വാലുങ്ങാമുറി ബ്രാഞ്ച് കനാൽ റോഡ് നിർമാണം | 1137069 | 0 |
| | | 300000 | വാർഡ് 14 അംഗൻവാടി മെയിന്റനൻസ് | 300000 | 0 |
| | | 456831 | നാലുകെട്ട് ഇരട്ടച്ചിറ റോഡ് പള്ളി റോഡ് മെയിന്റനൻസ് | 456831 | 0 |
| | | 250000 | ലൈഫ് മിഷൻ (എസ് സി) | 250000 | 0 |
| | | 337636 | പകൽവീട്ടിലേക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങൽ | 337636 | 0 |
| | | 1046695 | പഞ്ചായത്ത് എൽ പി സ്കൂൾ ഷീറ്റ് മേയൽ | 1046695 | 0 |
| | | 295650 | കൊറ്റംചിറകുളം നീന്തൽകുളമാക്കി മാറ്റൽ | 295650 | 0 |
| | | 214457 | 47-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് | 214457 | 0 |
| | | 86201 | 33-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് | 86201 | 0 |
| | | 515344 | ലൈഫ് മിഷൻ (ജനറൽ) | 515344 | 0 |

| | | | | | |
|---|---|---|---|---|---|
| | | 475363 | പഞ്ചായത്ത് എൽ പി സ്കൂളിലേക്ക് ഫർണീച്ചർ ഹൈടെക് ഉപകരണങ്ങൾ വാങ്ങൽ | 475363 | 0 |
| | | 360300 | പഞ്ചായത്ത് എൽ പി സ്കൂൾ ഇലക്ട്രിഫിക്കേഷൻ | 360300 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെകൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | അധിക ഷിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് പണം അടക്കൽ | 297403 | 297403 | 0 |
| KWA | വാർഡ് 13 ലെ പകൽവീട് വാട്ടർ കണക്ഷൻ | 16000 | 16000 | |
| KSEB | മംഗലശ്ശേരി ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | 34786 | 34786 | 0 |
| KSEB | എല്ലാ വാർഡിലും സ്ട്രീറ്റ് ലൈൻ വലിക്കൽ | 599931 | 599931 | |
| KWA | ദൃശ്യ തൊഴിൽപരിശീലന കേന്ദ്രം വാട്ടർ കണക്ഷൻ | 11000 | 11000 | 0 |

വാർഷികകണക്കുകളുടെ B 18- പട്ടിക പ്രകാരം KWA യ്ക്ക് നൽകിയ 4401.361/- രൂപയും KSEB യ്ക്ക് നൽകിയ 2582.453/- രൂപും കേരള പൊതുമരാമത്തു വകുപ്പിന് നൽകിയ 707250/- രൂപയും ചെലവഴിയ്ക്കാതെ ബാക്കി നിൽക്കുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 381403 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ | 26203 |
| ആകെ | 407606 |
| തൻവർഷം പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 407606 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 22 | 2018-19 | 2 | എസ് സി അപ്പാർട്ട്മെന്റിന് വേണ്ടി സ്ഥലം വാങ്ങൽ, വാങ്ങിയ സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പാക്കിയില്ല. 4105830/- രൂപ തടസ്സപ്പെടുത്തുന്നു | 13-8-2019 തിയതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം, 11-1-2021 ന് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

വിവരം ലഭ്യമാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 114826755 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 137874900 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം | 20850 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1104595 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3 – 1 | 20850 | ശ്രീ. സെയിൻ. കെ. ജി, വെറ്റിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 – 39 | 599931 | സബിയ. എ. വി, സെക്രട്ടറി |
| 1 – 40 | 11000 | സബിയ. എ. വി, സെക്രട്ടറി |
| 1 – 33 | 493664 | ശ്രീമതി. സിജി. കെ. പി. (മെഡിക്കൽ ഓഫീസർ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 – 31 | 20850 | സെയിൻ, വെറ്റിനറി സർജൻ, പുത്തൻചിറ |
| | | സെയിൻ, കേട്ടയത്ത് ഹൌസ്, അവിട്ടത്തൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും |
|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-1997 | എൽ.എഫ്.ടി.7-240/99 തീയതി.21.01.2000 |
| 1997-98 (ചെലവ്) | എൽ.എഫ്.ടി.7-1412/99 തീയതി.23-05-2000 |
| 1998-1999 (ചെലവ്) | എൽ.എഫ്.ടി.7-1104/2000 തിയതി.21.08.2000 |
| 1999-2000 | എൽ.എഫ്.ടി.14-913/03 തീയതി.13.11.03 |
| 2000-01, 2001-02 | എൽ.എഫ്.ടി.14-1204/04 തീയതി.10.06.04 |
| 2000-01 | എൽ.എഫ്.ടി.14-200/04 തീയതി.14.06.04 |
| 2001-02 | എൽ.എഫ്.ടി.14-278/05 തീയതി.01.07.05 |
| 2002-03 | എൽ.എഫ്.ടി.14-285/05 തീയതി.04.07.05 |
| 2003-04 | എൽ.എഫ്.ടി.14-1904/08 തീയതി.23.12.09 |
| 2004-05 | എൽ.എഫ്.ടി.14-1905/08 തീയതി.23.12.09 |
| 2005-06 | എൽ.എഫ്.ടി.14-1568/09 തീയതി.29.07.10 |
| 2006-07 | എൽ.എഫ്.ടി.14-1569/09 തീയതി.29.07.10/7.2.11 |
| 2007-08 | എൽ.എഫ്.ടി.15-1387/11 തീയതി.21.02.2012 |
| 2008-09 | എൽ.എഫ്.ടി.15-1388/11 തീയതി.21.02.12/18.5.12 |
| 2009-10, 2010-11 | എൽ.എഫ്.ടി.പി.3-2383/12 തീയതി.29.04.13/13.8.13 |
| 2011-12 | എൽ.എഫ്.ടി.പി.7-1734/13 തീയതി.07.03.14/9.4.14 |
| 2012-13 | എൽ.എഫ്.ടി.പി.7-1302/14 തീയതി.10.11.2014/12.2.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.)7-1321/15 തീയതി.04.11.2015/5.12.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി)7-235/16 തീയതി.26.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി)7-105/2017 തിയതി.28.01.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി)1325/17/ തിയതി.13.10.17/06.11.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.പി 7-1571/2018/ തിയതി.15.10.2018/14.11.2018 |
| | |

| | |
|---|---|
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.പി 7-395/2020/ തിയതി.09.06.2020 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്